(എ) പഞ്ചമാസക്ഷേമാശ്വാസപദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ വിഹിതനിക്ഷേപം സ്വീകരിക്കുന്നതിനും ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടില്ല. ഇപ്പോഴത്തെ സംവിധാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) (എ) ചോദ്യത്തിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 'ബി' ചോദ്യം ബാധകമല്ല.

(സി) 1991-92-ന് സമ്പാദ്യ ആശ്വാസപദ്ധതി കേരളത്തിൽ ആരംഭിച്ചതു മുതൽ ഫിഷറീസ് വകുപ്പ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ സംവിധാനത്തിൽ മാറ്റം വരുത്താൻ തൽക്കാലം ഉദ്ദേശമില്ല.

105 (629) മത്സ്യബന്ധനത്തിന് ഏർപ്പെടുമ്പോൾ അപകടം സംഭവിക്കുന്നവരെ രക്ഷിക്കാൻ നടപടി

ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന കാലവർഷത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോൾ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഫിഷറീസ് വകുപ്പിന് പ്രവർത്തനസജ്ജമായ എത്ര സുരക്ഷാ ബോട്ടുകൾ ഉണ്ട്;

(സി) ഓരോ ബോട്ടിലും പരിശീലനം ലഭിച്ച എത്ര ജീവനക്കാർ ഉണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട വിവരം ലഭിച്ചാലുടൻ തന്നെ ഫിഷറീസ് വകുപ്പിന്റെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബോട്ടുകളും സാധാരണബോട്ടുകളും വാടകയ്ക്കെടുത്ത ബോട്ടുകളും ഉപയോഗിച്ച് തെരച്ചിൽ നടത്തുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ നേവിയുടെ സഹായവും തേടുന്നതാണ്. ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഉള്ള മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ സേവനവും ലഭ്യമാണ്. പ്രധാനപ്പെട്ട മത്സ്യബന്ധനമേഖലകളിൽ ഫിഷറീസ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. മൺസൂൺ കാലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും തുറക്കാറുണ്ട്.

(ബി) 7 ബോട്ടുകൾ

(സി) എട്ടോളം ജീവനക്കാർ

106 (630) റോഡ് പുനരുദ്ധാരണത്തിന് കേന്ദ്ര ഫിഷറീസ് വകുപ്പ് അനുവദിച്ച ഫണ്ട്

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്ര ഫിഷറീസ് വകുപ്പ് റോഡ് പുനരുദ്ധാരണത്തിനായി സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയാണ് അനുവദിച്ചത്;

(സി) ഈ തുക ഏതെല്ലാം മണ്ഡലങ്ങളിലേക്കാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) തീരദേശമണ്ഡലമായ കൊടുങ്ങല്ലൂരിലെ റോഡ് പുനരുദ്ധാരണ പ്രവർത്തനത്തിന് തുക അനുവദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 10-ാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) 13 കോടി രൂപ

(സി) വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ഉണ്ട്.

(ഇ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ, താഴെ പറയുന്ന ഏഴ് റോഡ് പ്രവൃത്തികൾക്കായി 27.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

1. അറപ്പ-മുനപ്പൻ റോഡ്
2. കടപ്പുറം ബീച്ച് റോഡ്
3. വി.കെ. ഗോപാലൻ റോഡിൽ നിന്ന് അറപ്പ റോഡ് വരെയുള്ള റോഡ്
4. എടപ്പന്തി റോഡ്
5. റെക്കാപ്പറമ്പ് ബീച്ച് റോഡ്
6. കൊറ്റംകുളം റോഡ്
7. കാര ബീച്ച് റോഡ്

107 (631) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തറക്കല്ലിട്ടത് ഏത് വർഷമാണ്;

(ബി) ഈ പദ്ധതിയുടെ അടങ്കൽ എത്രയാണ്;

(സി) പദ്ധതി നടപ്പാക്കുന്നതെപ്രകാരമാണ്;

(ഡി) ഇതിന്റെ പണിക്കുള്ള ടെൻഡർ വിളിച്ചുവോ; എങ്കിൽ എന്നാണ്;

(ഇ) ഇതിന്റെ പണി എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly